# ചരിത്രത്തിന്റെ ഉറവകൾക്കു സംരക്ഷണം

**ആർ. രാമൻ നായർ**

**വീക്ഷണം 19 ജൂലായ് 1987, 3-4**

**സംസ്കാരത്തിന്റെ ഓർമ്മ, രേഖപ്പെടുത്തപ്പെട്ട അറിവ് സംരക്ഷിക്കുകയും അടുത്ത തലമുറകൾക്കു കൈമാറുകയും ചെയ്യുക എന്ന മഹത്തായ കൃത്യമാണ് ഗവൺമെന്റിന്റെ പുരാരേഖാ (ആർക്കൈവ്സ് ) വകുപ്പ് ചെയ്യുന്നത് എന്ന് ഈ ലേഖനം ചൂണ്ടിക്കാണിക്കുന്നു. പ്രചീന കാലത്ത് ഗ്രന്ഥാലയങ്ങളും പുരാരേഖാ ശേഖരങ്ങളും തമ്മിൽ വ്യത്യാസമില്ലായിരുന്നു. തിരുവിതാംകൂറിലെ പുരാരേഖാ സംരക്ഷണ പ്രവർത്തനങ്ങളുടെ ചരിത്രവും, അവിടത്തെ വിവധ തരം പുരാരേഖകളെക്കുറിച്ചും വിവരിക്കുന്നു. ഇവയെ ഗ്രന്ഥാലയ ശാസ്ത്ര തത്വങ്ങളനുസരിച്ച് വർഗീകരിക്കുകയും സൂചികകൾ നിർമ്മിക്കുകയും ചെയ്യേണ്ടുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു. സംരക്ഷണത്തിന് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുക, സേവനങ്ങൾ ഗ്രന്ഥാലയ ശൃംഖലകളിലൂടെയും ലഭ്യമാക്കുക തുടങ്ങി വിവിധ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.**

Charithrathinte Uravakalkku Samrakshanam – R. Raman Nair, Veekshanam, 19 July 1987, P 3-4

# ചരിത്രത്തിൻ

# സംരക

**ആർ ര**

വൃശ്ചിക ചനി മീന വ്യാഴം ചെന്ന കൊല്ലം തൊള്ളായിരത്തിഇരുപത്തയ്യാമാണ്ട് മകരമാസം അഞ്ചാംനം പൂതനാക്ഷയും പൂറുവപക്ഷത്തു ചത്തമിയും ഇന്നാളാൽ എഴുതിയ ചറുവചൃവാർപ്പണ ഒലക്കരെണമാവിതു്. ശ്രീ പണ്ടാരക്കാരിയം ചെയിവാർകളായപാലമാർത്താണ്ഡവർമ്മരായ തീർപ്പാപ്പൂർമൂപ്പിൽനിന്നും തങ്ങൾക്ക ഒള്ള തോവാളടക്കാട്ടെക്ക് പടിഞ്ഞാറുക്കവെണാററിന് കീഴക്കുള്ള രാജ്യത്തിന് അകത്തു് ഒള്ളതു നാളതുവരെ നമുക്ക് അവകാശമായിട്ട് അനുഭവിച്ചുവരുന്ന പത്തു കിറത്തിയങ്ങളും താനമാനങ്ങളുംമററും ഏർപ്പെട്ടതും പെരുമാറും ശ്രീ പണ്ടാരത്തിലേക്ക് ചറുവ ചൃവാർപ്പണമാക ആ ചെന്നിരാർക്കവെ എഴുതികൊടുത്താർ.

നമ്മുടെ പുരാരേഖാ വകുപ്പിന്റെ സംരക്ഷണത്തിലുള്ള ചരിത്ര പ്രധാനമായ ഒരു രേഖയിലെ വരികളാണിതു്. അതിന് മുന്നിൽ ധ്യാനനിമഗ്നനായി നിന്നാൽ ഇരുന്നൂററിമുപ്പത്തിആറു് വർഷത്തിനു മുൻപുള്ള ആ ദിവസത്തിലേക്ക് നമ്മളും എത്തുംപോലെ തോന്നും. രാജ്യത്തിനകത്തെ എല്ലാ പ്രശ്നങ്ങളും തീർത്ത് അതിർത്തികളൊക്കെ ഉറപ്പിച്ച് തിരുവിതാംകൂറിനെ തിരുവിതാംകൂർ ആക്കിയതിന് ശേഷമുള്ള ഒരു ദിവസം. അന്ന് 1750 ജനുവരി 17ാം തീയതിയാണ്. മാർത്താണ്ഡവർമ്മ മഹാരാജാവ് ഇളയ രാജാവോടും ദിവാനായ രാമയ്യനോടുമൊപ്പം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെത്തി. വേണ്ടപ്പെട്ടവരെയെല്ലാം അവിടെ വിളിച്ചുകൂട്ടിയിരുന്നു. മഹാരാജാവ് തന്റെ രാജകീയ ഖഡ്ഗം ശ്രീ പത്മനാഭസ്വാമി പ്രതിഷ്ഠയുടെ സമീപത്തുള്ള ഒററക്കൽ മണ്ഡപത്തിൽ ഭക്തിയോടെ സമർപ്പിച്ചു. തന്റെ രാജ്യം ശ്രീപത്മനാഭസ്വാമിക്ക് അടിയറവച്ചിരിക്കുന്നതായും ഇന്ന്മുതൽ താൻ ശ്രീപത്മനാഭന്റെ ദാസനായിട്ട്, സ്വാമിക്ക് വേണ്ടിയാണ് ഭരണം നടത്തുക എന്നും വിളംബരം ചെയ്യുന്ന മതവുമായി ബന്ധപ്പെട്ടതിക്കൊണ്ടുള്ള ഈ വിളംബരത്തിന് ജനങ്ങളുടെ മനസ്സിൽ ചെലുത്താൻ കഴിഞ്ഞ സ്വാധീനം കറച്ചൊന്നുമല്ല. ശ്രീ പത്മനാഭ ദാസനെന്നാണ് പിന്നെ തിരുവിതാംകൂർ മഹാരാജാക്കന്മാർ അറിയപ്പെട്ടിരുന്നത് ആ രേഖയാണ് നൂററാണ്ടുകളിലൂടെ സംരക്ഷിച്ച് ആർക്കൈവ്സ് വകുപ്പ് ഇന്ന് നമ്മുടെ മുന്നിൽ വച്ചിരിക്കുന്നത്.

## അമൂല്യമായ പൈതൃക സ്വത്ത്

സംസ്കാരത്തിന്റെ ഓർമ്മകൾ രേഖപ്പെടുത്തപ്പെട്ട അറിവ് സൂക്ഷിക്കുകയും, അടുത്ത തലമുറകൾക്ക്, കൈമാറുകയും ചെയ്യുക എന്ന മഹത്തായ കൃത്യമാണ് ആർക്കൈവ്സ് വകുപ്പ് ചെയ്യുന്നതു് ഒരു രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹികരാഷ്ട്രീയ പുരോഗതിയെക്കുറിച്ച് നമുക്ക് അടിസ്ഥാനപരമായ അറിവ് നൽകുന്നതു് ഗവൺമെൻറിന്റെയും വ്യക്തികളുടെയും കൈവശമുള്ള ഇത്തരം രേഖകളാണ്. അതുകൊണ്ട് തന്നെ അവ മാനവരാശിയുടെവിലമതിക്കാനാവാത്ത, പൈതൃകസ്വത്തുകളാണ്. അമൂല്യമായ ഇത്തരം പുരാരേഖകളെ സംഭരിക്കുകയും സംരക്ഷിക്കുകയും ആവശ്യം വരുമ്പോൾ ജനങ്ങൾക്ക് ലഭ്യമാക്കുകയും വഴി സമൂഹത്തിന് ഒഴിച്ചുകൂടാനാവാത്ത ഒരു പ്രവർത്തനമാണ് പുരാരേഖാ വകുപ്പ് ചെയ്യുന്നതു്.

പണ്ടു മുതൽ തന്നെ ലോകമെങ്ങും ഉള്ള ഭരണകൂടങ്ങൾ വളരെയധികം പ്രാധാന്യം നൽകിയിരുന്ന ഒരു പ്രവർത്തനമാണ് പുരാരേഖകളുടെ സംഭരണവും സംരക്ഷണവും പ്രാചീന ഗ്രീസിലും അലക്സാണ്ട്രിയയിലുമൊക്കെ അരിസ്റ്റോഫനീസിനെയും കാലിമതച്ചസിനെയും പോലുള്ള, ചരിത്രത്തിനു ഒരിക്കലും മറക്കാൻ കഴിയാത്ത പണ്ഡിതന്മാരാണ് ഗ്രന്ഥാലയങ്ങളും പുരാരേഖ രേഖങ്ങളും ഭരിച്ചിരുന്നതു്. ഭാരതത്തിലും സൈന്ധവരുടെ കാലം തൊട്ടു തന്നെ ഇത്തരം രേഖകളുടെസംരക്ഷണത്തിനു വളരെയധികം പ്രാധാന്യം നൽകിയിരുന്നുവെന്നും രേഖകളെ വർഗ്ഗീകരിക്കുന്നതിനും ക്രമീകരിക്കുന്നതിനും വേണ്ട കാര്യക്ഷമമായ രീതികൾ നിലവിലുണ്ടായിരുന്നുവെന്നും കാണാം. ആധുനിക കാലത്തെ വൈദേശിക ഭരണങ്ങൾക്ക കീഴിലാണ് നമുക്കീ പ്രവർത്തനങ്ങളിലുള്ള താൽപര്യം നഷ്ടമാവുന്നതു്. പക്ഷേ ബ്രിട്ടീഷുകർ ഭാരതത്തിന്റെ ചരിത്രത്തിന്റെയും സാംസ്കാരത്തിന്റെയും പ്രാധാന്യത്തെമനസ്സിലാക്കുകയും നമ്മുടെ രേഖപ്പെടുത്തപ്പെട്ട അറിവുകൾ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക വീണ്ടും ജീവൻ കൊടുക്കുകയും ചെയ്തു.

തിരുവിതാംകൂറിൽ 1887 ലാണ് ഹുസൂർ വെർണാക്കലർ റെക്കോർഡിന്റെ കേന്ദ്രശേഖരം സ്ഥാപിക്കപ്പെട്ടതു. കോട്ടയത്തുള്ള അതേ കെട്ടിടത്തിൽ ഇന്നും പ്രവർത്തിക്കുന്ന നമ്മുടെ പുരാരേഖാ വകുപ്പ് അതിന്റെ പിൻഗാമിയാണ് 1962 ലാണ് കേരളത്തിലെ പുരാരേഖാ വകുപ്പ് ഒരു സ്വതന്ത്ര വിഭാഗമായിത്തീരുന്നതു പുരാരേഖാവകുപ്പിനു തിരുവനന്തപുരത്തു കേന്ദ്രശേഖരവും എറണാകുളത്തു, കോഴിക്കോട്ടുമായി രണ്ടു പ്രാദേശിക ശേഖരങ്ങളുമുണ്ട്.

കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വികാസത്തിന്റെ ചരിത്രമുറങ്ങുന്ന അതാതു കാലത്തു നിന്നും നമ്മോടു സംവദിക്കുവാനായി നൂററാണ്ടുകൾ തരണം ചെയ്തു നിൽക്കുന്ന ലക്ഷക്കണക്കിനു വിവിധ മാദ്ധ്യമങ്ങളിലുള്ള രേഖകളാണ് പുരാവസ്തു വകുപ്പിന്റെ പക്കലുള്ളതു്.


## നാലുവിഭാഗം


ജനങ്ങളെ പുരാരേഖാ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുബോധവന്മാരാക്കാൻ പല പ്രദർശനങ്ങളും പുരാരേഖാ വകുപ്പു സംഘടിപ്പിക്കാറുണ്ടു. രേഖകൾ എഴുതി സൂക്ഷിക്കാൻ ഉപയോഗിച്ചിരുന്ന വസ്തുക്കളുടെ സ്വഭാവം വച്ചു നോക്കിയാൽ നമ്മുടെ പുരാരേഖകളെ പ്രധാനമായി നാലു് വിഭാഗങ്ങളായി തിരിക്കാം.

മുളയിലെഴുതിയവാണ് ആദ്യ വിഭാഗത്തിലെ രേഖകൾ മുളയുടെ കീറിയ പാളിയിൽ കൂർത്തമുനയുള്ള ആയുധങ്ങൾ കൊണ്ടു എഴുതിയുണ്ടാക്കുന്ന രേഖകളെ മുളക്കരെണങ്ങൾ എന്നതാണ് സാധാരണ പറയാറു് കൊല്ലവർഷം 840ൽ ചെറുവായൂരെ നാരായണൻ എന്ന ആം കൃഷ്ണപുരത്തെ ചേന്നൻ ചപ്പന് എഴുതി കൊടുത്ത ചരട്ടിപ്പേറാണ് ലഭ്യമയവയിൽ പ്രധാനപ്പെട്ട ഒരു മുളക്കരെണം. എ ഡി 1442 ൽ എഴുതിയ ഒരു പണയപാട്ടോലക്കരണമാണ് മററൊന്നു.

ചെമ്പുതകടിലെഴുതിയ രേഖകളിൽ ഏററവും പ്രധാനപ്പെട്ട ഉദാഹരണം എ സി 1663 ൽ ഡച്ച് ഈസ്റ്റ് ഇന്ത്യാക്കമ്പനിയും കൊച്ചിയും തമ്മിലുണ്ടാക്കിയ ഒരുടംപടിയാണ്.

തിരുവിതാംകൂറിൽ സുലഭമായി





ചെമ്പുതകിടിലെഴുതിയ രേഖകൾ

# ...ൻറ ഉറവകൾക്ക്

# ...്ഷണം

**...ാമൻനായർ**

ലഭിച്ചിരുന്ന പനയോലയിൽ എഴുതിയവയാണ് ആർക്കൈവ്സിലുള്ള രേഖകളിൽ ഭൂരിഭാഗവും. തിരുവട്ടാർ ക്ഷേത്രത്തിലേക്കുള്ള പടിത്തരത്തെക്കുറിച്ച് വീരരാജരവി മാർത്താണ്ഡവർമ്മ കൊല്ലവർഷം 27-8-599 ൽ ഉണ്ടാക്കിയ രേഖയാണ് ഏററവും പഴയത് ഏഴുനൂററാണ്ടത്തെ പഴക്കമുണ്ടതിന്. എ ഡി 1663 ൽ കൊച്ചിയിലെയും പുറക്കാട്ടെയും രാജാക്കന്മാരും ഡച്ചുകാരും തമ്മിൽ അന്നുവരെയുള്ള പിണക്കങ്ങളെല്ലാം മറന്ന് ചെയ്ത ഉടമ്പടിയാണ് ഓലയിലെഴുതിയ മറെറാരു രേഖ. ആക്രമണങ്ങൾക്കെതിരെ പരസ്പരം സഹായിക്കാമെന്നും പോർട്ടുഗീസ് ഭീഷണിയിൽനിന്നും കൊച്ചിയിലെ ഗോദവർമ്മ രാജാവിൻെറ അവകാശങ്ങളെ സംരക്ഷിക്കാമെന്നും ഈ ഉടമ്പടിപ്രകാരം അവർ പ്രതിജ്ഞയെടുക്കുന്നു. പുറക്കാട് ഒരു കോട്ട നിർമ്മിക്കാനും ഈ ഉടമ്പടി പ്രകാരമാണ് ഡച്ചുകാരെ അനുവദിക്കുന്നത്. കൊല്ലവർഷം 964-ൽ കർക്കിടകം 19-ാം തീയതി കൊടുങ്ങല്ലൂർ കോട്ടയും മുനമ്പവും അതിനോടു ചേർന്ന സ്ഥലങ്ങളും ഡച്ച് കമ്പനിക്കാരിൽനിന്നും തിരുവിതാംകൂർ വാങ്ങിയ വിലയാധാരമാണ് മറെറാരു രേഖ. ശൂദ്രർ, ഈഴവർ, മരക്കാൻമാർ തുടങ്ങിയവരൊക്കെ പൊന്നുകൊണ്ടും വെള്ളികൊണ്ടും ഉള്ള ആഭരണങ്ങൾ ധരിക്കുന്നതിനുള്ള വിലക്ക് മാററിക്കൊണ്ട് 19-9-993 ൽ പുറപ്പെടുവിച്ച വിളംബരമാണ് മറെറാരു ഓല. പിന്നെ 1799 ൽ ജയന്തൻ ശങ്കരൻ നമ്പൂതിരിപ്പാടിനെ വലിയ സർവ്വാധികാര്യക്കാരായി നിയമിച്ചുകൊണ്ടുള്ള നീട്ടുണ്ട്.

കേരള മണ്ണിന് കേൾക്കുമ്പോൾ രോമാഞ്ചമുണ്ടാകുന്ന നാമമാണല്ലോ വേലുതമ്പി ദളവയുടേത്. ദളവയെക്കുറിച്ചുള്ള വളരെയധികം രേഖകൾ പുരാരേഖാ വകുപ്പിൻെറ സംരക്ഷണത്തിൽ ഇന്നും നിലനിൽക്കുന്നു. മഹാരാജാവ് മക്കാളെയോട് സംസാരിച്ചശേഷം അതിനെക്കുറിച്ചുള്ള സ്വന്തം അഭിപ്രായം വേലുത്തമ്പിയെ അറിയിച്ച ഓലയാണ് (1806 എ ഡി) ഒരു പ്രധാനരേഖ. ഒടുവിൽ കമ്പനിക്കാരുടെ ആക്രമ-

ണം ഉണ്ടാകാതിരിക്കാൻ വേലുത്തമ്പിയേയും, ചെമ്പകരാമൻ തമ്പിയേയും, ജീവനോടെ പിടിച്ച് വിലങ്ങു വച്ചുകൊണ്ട് വരികയോ, ശവശരീരമെങ്കിലും കൊണ്ട് ചെന്ന് കമ്പനിക്കാരെ ബോദ്ധ്യമാക്കുകയോ ചെയ്യണമെന്നും മററുമുള്ള മഹാരാജാവിൻെറ നീട്ടുകൾ എന്നിങ്ങനെ പോകുന്നു ദളവയെക്കുറിച്ചുള്ള മററ് രേഖകൾ

കോട്ടാറ്, തക്കല, ചിറയിൻകീഴ്, കായംകുളം എന്നീനാല് സ്ഥലങ്ങളിലെ ഇംഗ്ലീഷ് സ്കൂളുകളിലേക്ക് 50 ഗ്രാമർ പുസ്തകം വീതം വാങ്ങി കൊടുക്കുവാൻ പണം അനുവദിച്ചുകൊണ്ടുള്ള 1837-ലെ ഒരു നീട്ട് കോട്ടയത്ത് അച്ചടിക്കുന്ന മലയാളം ഇംഗ്ളീഷ് നിഘണ്ടുവിനു സഹായമായി പണം അനുവദിച്ചുകൊണ്ടുള്ള നീട്ട് തുടങ്ങിയവയുള്ള ഓലകളും, മതിലകം ചുരുണകളും, ഹൈക്കോർട്ട് നീട്ടുകളുടെ ചുരുണകളും ഓലയിലെഴുതിയ കേരളോല്പത്തി എന്ന ചരിത്ര ഗ്രന്ഥവും പുരാരേഖാവകുപ്പിലുണ്ട്.

## കടലാസുരേഖകൾ

ഇനിയും ഉള്ളത് കടലാസിലെ രേഖകളാണ്. എഴുതിയുണ്ടാക്കിയതും അച്ചടിച്ചതും ആയ രേഖകൾ 1709-ൽ ടിപ്പുവിൻെറ ആക്രമത്തിനെതിരായി കൊടുങ്ങല്ലൂർ കോട്ട സംരക്ഷിക്കാൻ കമ്പനിയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് മഹാരാജാവ് എഴുതിയ കത്ത്, 1809-ൽ വേലുത്തമ്പി റെസിഡൻസി ആക്രമിച്ചതിനെ റിപ്പോർട്ടു ചെയ്തുകൊണ്ടുള്ള മെക്കാളെയുടെ കത്ത്, കൊച്ചി ഒടുക്കിയ സബ്സിഡിയുടെ ടിപ്പു ഒപ്പിട്ട് മുദ്രവച്ച രസീത് 1811 മുതലുള്ള രാജകീയ എഴുത്തുകൾ രാജകീയ വിളംബരങ്ങളുടെ മുദ്രവച്ച മൂലരേഖകൾ, ചെമ്പകരാമൻ പിള്ളയുടെ കത്തുകൾ, രായസം നീട്ടുകൾ തുടങ്ങി അനേകം രേഖകൾ കാണാം ഇവിടെ.

അച്ചടിച്ച രേഖകളും ഗ്രന്ഥങ്ങളും വളരെയധികം കാണാം. 1811—ലെ അറബി ഭാഷയിലെ ഒരു ബൈബിൾ, 1832—ലെ ഫോർട്ട് സെൻറ് ജോർജ്ജ് ഗസററിൻെറ ആദ്യവാല്യം, 1921 മുതൽ 1922 വരെയുള്ള മാപ്പിള ലഹളയെക്കുറിച്ചുള്ള രേഖകൾ തിരുവിതാംകോട് ഗസററുകൾ, പഴയ മുദ്രപ്പത്രങ്ങൾ, സ്റ്റാമ്പുകൾ; സീലുകൾ തുടങ്ങി വളരെയധികം രസകരമായ കാര്യങ്ങൾ, വിജ്ഞാനപ്രദങ്ങളായ രേഖകൾ ഇന്നും നിലനിൽക്കുന്നു. രാജകൊട്ടാരത്തിൽ നിന്നും രഹസ്യ കല്പനകൾ കൊണ്ടുപോയിരുന്ന ലോഹനിർമ്മിതമായ പെട്ടി താളിയോല ഗ്രന്ഥങ്ങൾ, സൂക്ഷിക്കാനുള്ള ചൂരൽപേടകങ്ങൾ തുടങ്ങിയ പഴയ രേഖകളുമായി ബന്ധപ്പെട്ട വിവിധ വസ്തുക്കളും ആർക്കൈവ്ഡ്സിൻെറ ശേഖരത്തിലുണ്ട്.

## ഗ്രന്ഥങ്ങളും പുരാരേഖകളും

പ്രാചീനകാലത്ത് ആർക്കൈവ്സും ഗ്രന്ഥാലയങ്ങളും തമ്മിൽ വ്യത്യാസം ഇല്ലായിരുന്നു. പുസ്തകങ്ങളും പുരാരേഖകളും ഒരുമിച്ച് ഗ്രന്ഥാലയാധിപന്മാരായ പണ്ഡിതന്മാർതന്നെയാണന്ന് സൂക്ഷിച്ചിരുന്നത്. പേപ്പർ കണ്ടുപിടിച്ചതോടുകൂടി ഒരു പുസ്തകപ്രളയംതന്നെ ഉണ്ടാവാൻ തുടങ്ങിയപ്പോൾ ഈ അമൂല്യരേഖകളെ വേർതിരിച്ച് പ്രത്യേകം ശ്രദ്ധയോടുകൂടി സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടുന്ന ആവശ്യം വന്നു. അങ്ങനെയാണ് ആറേഴ് നൂററാണ്ടിനുമുൻപ് പുരാരേഖാവകുപ്പുകൾ ഗ്രന്ഥങ്ങളിൽ നിന്നും വേർതിരിഞ്ഞ് പോകുന്നത്.

എന്താണ് ഈ ഗ്രന്ഥങ്ങളും പുരാരേഖകളും തമ്മിലുള്ള വ്യത്യാസം. ഗ്രന്ഥങ്ങൾ, അറിവ് സൂക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി ഉണ്ടാക്കിയ രേഖകളാണ്. അവ ഉൾക്കൊള്ളുന്ന അറിവിനു മാത്രമാണ് വില.

അറിവ് ദൃശ്യമായോ ശബ്ദമായോ പല പകർപ്പുകളായി സൂക്ഷിക്കാം. എല്ലാ പകർപ്പിനും വില ഒന്നുതന്നെ. കാരണം അതുൾക്കൊള്ളുന്ന സൂക്ഷ്മഭാവവും ഒന്നുതന്നെയാണല്ലോ. ഗ്രന്ഥങ്ങൾ സുലഭമാണ്. ഒരു പകർപ്പ് നഷ്ടമായാൽ നമുക്ക് കിട്ടാൻ മറെറാരു പകർപ്പുണ്ടാകും. പക്ഷെ ആർക്കൈവ്സ് സൂക്ഷിക്കുന്ന പുരാരേഖകൾ അതല്ല. ആ രേഖകൾ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ഭരണകൂടത്തിൻെറയോ പ്രവർത്തനഫലമായി സ്വയമേവ ഉണ്ടാകുന്ന രേഖകളാണ് അവയുടെ പകർപ്പുകൾക്ക് നിയമപരമായി ആ മൂല രേഖകളുടെ വിലയില്ല. ഈ മൂലരേഖകളെ ആധാരമാക്കി വേണം പല പ്രവർത്തനങ്ങളും തുടരേണ്ടത്. അപ്പോൾ ഇവിടെ ഈ രേഖകളുടെ സ്ഥൂലഭാവത്തിന് സൂക്ഷ്മഭാവങ്ങളോടൊപ്പമോ അതിലുമധികമോ പ്രാധാന്യം ഉണ്ടാകുന്നു. ഇതുതന്നെയാണ് ആർക്കൈവ്സിൻെറയും ഗ്രന്ഥാലയത്തി

ശേഷം 4ൽ

**പുതിയ ആർക്കൈവ്സ് മന്ദിരം ഉദ്ഘാടനം ചെയ്യുന്നതിനു തൊട്ടു മുമ്പൊരു ദിവസം, ആർക്കൈവ്സ് ഡയറക്ടറായിരുന്ന ഡോ. എൻ രാജേന്ദ്രൻ പുരാരേഖാ വകുപ്പിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് വളരെ താൽപര്യപൂർവം സംസാരിക്കുന്നത് കേട്ടതാണ് ലേഖനം എഴുതാൻ കാരണമായത് ഈയടുത്തകാലത്ത് അദ്ദേഹം ഒരപകടത്തിൽപ്പെട്ടാണ് മരിച്ചത്. പുരാരേഖകളുടെ പ്രദർശനങ്ങളിലൂടെയും റേഡിയോ ടെലിവിഷൻ മാദ്ധ്യമങ്ങളിലൂടെ സംപ്രേക്ഷണം ചെയ്ത പരിപാടികളിലൂടെയും, പുരാരേഖകൾ നമ്മുടെ അമൂല്യങ്ങളായ സാംസ്കാരിക സമ്പത്താണെന്നബോധം ഭരണാധികാരികളിലും ജനങ്ങളിലുമുണ്ടാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു**

# ചരിത്രത്തിന്റെ ഉറവ

3 ൽ നിന്ന്

ന്റെയും പ്രവർത്തനങ്ങളിലുള്ള വ്യത്യാസവും. രണ്ടു കൂട്ടരും രേഖപ്പെടുത്തപ്പെട്ട അറിവ് സംരക്ഷിക്കുകയും, സംഭരിക്കുകയും ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ആർക്കൈവ്സ് ഈ രേഖകളുടെ അല്ലെങ്കിൽ ഗ്രന്ഥങ്ങളുടെ സ്ഥൂലഭാവത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തനം നടത്തുന്നു. ഈ സ്ഥൂലഭാവത്തെ പിൽക്കാലങ്ങൾക്ക് വേണ്ടി സംരക്ഷിക്കുന്നതിന് പ്രാധാന്യം കൊടുത്തുകൊണ്ടാണ് പുരാരേഖാ സംരക്ഷണ ശാസ്ത്രം വളർന്നത്. ഗ്രന്ഥാലയത്തെ സംബന്ധിച്ചിടത്തോളം ഒരു രേഖയുടെ സ്ഥൂലഭാവത്തിന് പ്രാധാന്യമില്ല ആ രേഖ ഉൾക്കൊള്ളുന്ന അറിവു മാത്രം സംഭരിക്കുകയും ശബ്ദമായോ ദൃശ്യമായോ സൗകര്യാനുസരണം നഷ്ടമാകാതെ സൂക്ഷിക്കുകയും വേണ്ടപ്പോൾ ലഭ്യമാക്കുകയും ചെയ്യുകയുമാണ് ഗ്രന്ഥാലയങ്ങളുടെ കടമ.

ആർക്കൈവ്സും ഗ്രന്ഥാലയങ്ങളും സംരക്ഷിച്ചിരിക്കുന്ന ഈ രേഖകളെ അറിവിനെ അടിസ്ഥാനമാക്കിയാണ് ചരിത്രകാരന്റെ പ്രവർത്തനം. ഈ രേഖകളിലടങ്ങിയിരിക്കുന്ന അറിവിനെ അറിയാനാഗ്രഹമുള്ളവർക്ക് വേണ്ടി ചരിത്രകാരൻ വിശദീകരിച്ചുകൊടുക്കുന്നു. അപ്പോൾ ഈ സരസ്വതീക്ഷേത്രങ്ങളാണ് ചരിത്രകാരന്റെ പരീക്ഷണശാലയും.

## കേരളം മുന്നിൽ

പാശ്ചാത്യതയുടെ ദൃഷ്യ വശങ്ങളെ മാത്രം ഉൾക്കൊണ്ടുള്ള വികസന പ്രക്രിയയിൽ മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് പൊതുവെ സാംസ്കാരിക പൈതൃകത്തോടുള്ള സ്നേഹവും ബഹുമാനവും നഷ്ടമായിരിക്കുന്നു. നമ്മുടെ പൂർവ്വപിതാമഹാന്മാരുടെ മനസ്സിനെയും ശാന്തസുന്ദരങ്ങളായ ആ പഴയ ദിനങ്ങളേയും വിളിച്ചറിയിക്കുന്ന അതിമനോഹരങ്ങളായ ചരിത്ര സ്മാരകങ്ങളെ നാം കോൺക്രീററ് അറകൾ പടുത്തുയർത്തുവാൻ വേണ്ടി നിഷ്കരുണം തട്ടി തകർക്കുന്നു. ജനങ്ങളെ സ്വന്തം പൈതങ്ങളെപ്പോലെ സ്നേഹിച്ചൊരു മഹാരാജാവിന്റെ ജീവൻ തുടിക്കുന്ന ഒരു രേഖയുടെ സംരക്ഷണത്തിനായി സുഹൃത്തുക്കൾക്ക് വേണ്ടിയൊരുക്കുന്ന ഒരു ചായസൽക്കാരത്തിന്റെ കാശു കൂടി നൽകുവാനാകാത്ത വിധം നമ്മുടെ മനസ്സ് അധഃപതിച്ചിരിക്കുന്നു.

കെട്ടിടങ്ങളുടേയും യന്ത്ര സാമഗ്രികളുടേയും ദൗർലഭ്യവും ജനങ്ങൾക്ക് പൊതുവേയുള്ള താൽപ്പര്യക്കുറവും അതിന്റെ ഫലമായി ഗവൺമെണ്ടിന്റെ ഉദാസീനതയും ആധുനിക സാങ്കേതികവൈദഗ്ദ്ധ്യത്തിന്റേയും പ്രവർത്തകർക്ക് പരിശീലനം നൽകുവാനുള്ള സൗകര്യങ്ങളുടെയും അഭാവുമാണത്ത്. മിക്ക മൂന്നാം ലോക രാഷ്ട്രങ്ങളിലും പുരാരേഖാ സംരക്ഷണത്തിന് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ. പക്ഷേ ഭാരതത്തിൽ ഇന്നു മററു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ കേരളം ഈ മേഖലയിൽ ശ്രദ്ധേയ പുരോഗതി പ്രാപിച്ചിരിക്കുന്നതായി കാണാം.

പുരാരേഖകളുടെ സംരക്ഷണത്തിനായി വേണ്ട സൗകര്യങ്ങളോടു കൂടി ശാസ്ത്രീയമായി ആസൂത്രണം ചെയ്തു നിർമ്മിച്ച ഒരു കെട്ടിടം ഇന്ന് നമുക്ക് ലഭ്യമായിരിക്കുന്നു. കഴിഞ്ഞ മൂന്നു നാലു വർഷം കൊണ്ട് തുടർച്ചയായി നടത്തുന്ന തെരഞ്ഞെടുത്ത പുരാരേഖകളുടെ പ്രദർശനങ്ങളിലൂടെ ഈ അമൂല്യമായ സാംസ്കാരിക സമ്പത്തിന് ജനങ്ങൾക്ക് താൽപ്പര്യവും ജിജ്ഞാസയും ഉണ്ടാക്കാൻ പുരാരേഖാ വകുപ്പിന് കഴിഞ്ഞിരിക്കുന്നു. പുരാരേഖകളുടെ പ്രാധാന്യവും അവയുടെ സംരക്ഷണത്തിനു വേണ്ടതെന്തും ചെയ്യാനുള്ള താൽപര്യവും സന്നദ്ധതയും വിദ്യാഭ്യാസ മന്ത്രി ആവർത്തിച്ച് പ്രഖ്യാപിച്ചിരിക്കുന്നു. കേരളത്തിലെ പുരാരേഖാ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഏററവും പററിയ ഒരു കേരള ചരിത്ര പണ്ഡിതന്റെ സേവനം ലഭ്യമാക്കാൻ ഗവർമ്മെണ്ടിന് കഴിഞ്ഞിരിക്കുന്നു. അങ്ങനെ പുരാരേഖാ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ട അടിസ്ഥാനാവശ്യങ്ങൾ സഫലീകരിക്കപ്പെട്ട സ്ഥിതിക്ക് ആ രേഖകൾ ഉൾക്കൊള്ളുന്ന അറിവിനെ ജനങ്ങൾക്ക് അനായാസം സമീപിക്കാവുന്ന വിധം സംവിധാനം ചെയ്യാനുള്ള പ്രവർത്തനങ്ങളിലേക്ക് ഇനി ശ്രദ്ധ തിരിയുമെന്ന് പ്രതീക്ഷിക്കാം.

## ഇനി വേണ്ടത്

കെട്ടിടങ്ങളുടേയും ശീതോഷ്ണാവസ്ഥകളെ നിയന്ത്രിക്കുവാനും രേഖകൾ കൂടുതൽ ശക്തി പകരുവാ

# ഖകൾക്ക് സംരക്ഷണം

നും ഉള്ള ഉപകരണങ്ങളുടെയും ലഭ്യത കൊണ്ട് പുരാരേഖകളുടെ നില നിൽപ്പ് ഉറപ്പാക്കാനാവില്ല. ഈ രേഖകളെ സംരക്ഷിക്കുന്നത് ഉപയോഗത്തിനും കൂടിയായാൽ അവ എടുത്ത് പെരുമാറുന്ന ജീവനക്കാരുടേയും ഉപഭോക്താക്കളുടേയും അശ്രദ്ധമാത്രമല്ല. രേഖകളുടെ നിരന്തരമായ ഉപയോഗം തന്നെ അവയെ നശിപ്പിക്കുക സ്വാഭാവികമാണ്. പക്ഷേ അക്കാരണം കൊണ്ട് അവ ഉപയോഗത്തിന് ലഭ്യമാക്കാതിരുന്നാൽ അവയെ സംരക്ഷിക്കുന്നതിന്റെ ഉദ്ദേശം തന്നെ വിഫലമാവും. ഇവിടെയാണ് ആധുനിക ശാസ്ത്രം നമുക്ക് ലഭ്യമാക്കുന്ന മൈക്രോഫിലിം, മൈക്രോഫിഷ് സാങ്കേതിക വിദ്യകൾ കടന്നു വരുന്നത്. രേഖകളെ പകർത്തി വയ്ക്കുവാനും സംരക്ഷിക്കുവാനും ആവുന്നത്ര ഏററവും ചെലവു കുറഞ്ഞ മാധ്യമങ്ങളാണ് അവ. പകർപ്പുകൾ സൂക്ഷിക്കുവാൻ മൂലരേഖകൾക്ക് ആവശ്യമായതിന്റെ ഒരു ശതമാനത്തിന് താഴെ സ്ഥലമേ വേണ്ടി വരുന്നുള്ളൂ. വിവിധ സ്വഭാവങ്ങളും രൂപങ്ങളുമുള്ള രേഖകളുടെ ഇത്തരം പകർപ്പുകൾക്ക് ഐകരൂപ്യവും ഉപയോഗിക്കുവാനുള്ള സൗകര്യ കൂടുതലും സാദ്ധ്യമാവുന്നു. ലക്ഷക്കണക്കിനു രേഖകളുടെ പകർപ്പുകളിൽനിന്നും ആവശ്യമായ ഒരു രേഖയെ നിമിഷങ്ങൾക്കകം സ്ക്രീനിൽ വരുത്താൻ കമ്പ്യൂട്ടറൈസ്ഡ് മൈക്രോഫിലിം റീഡറുകളിൽ കൂടി സാദ്ധ്യമാവുന്നു. അങ്ങനെ വായനക്കാർക്കും ഗവേഷകർക്കും പകർപ്പുകൾ ലഭ്യമാക്കിക്കൊണ്ട് മൂലരേഖകളെ ഉപയോഗത്തിൽനിന്ന് പിൻവലിക്കാനാവുന്നു. നല്ലൊരു ഗ്രന്ഥാലയ സംവിധാനം ഇവിടെ സംസ്ഥാനത്തിൽ നിലവിൽ വരുകയാണെങ്കിൽ ആവശ്യക്കാർക്ക് നൽകുവാൻ വേണ്ടി പുരാരേഖകളുടെ ഇത്തരം പകർപ്പുകൾ പ്രധാന പൊതു ഗ്രന്ഥാലയങ്ങളിൽ ലഭ്യമാക്കിക്കൊണ്ട് പുരാരേഖ വകുപ്പിന് മൂലരേഖകളുടെ സംരക്ഷണത്തിനു കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക സാദ്ധ്യമാവുന്നു. അമേരിക്ക, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിൽ ഇത്തരം ലക്ഷ്യങ്ങളോടെ പുരാരേഖാ വകുപ്പുകളും, ഗ്രന്ഥാലയങ്ങളും സഹകരിച്ച് പ്രവർത്തിക്കുന്നതായി ലൈബ്രറി ഓഫ് കോൺഗ്രസ്സിന്റെയും നാഷണൽ ആർക്കൈവ്സ് ആന്റ് റെക്കോഡ്സ് സർവീസിന്റെയും ബ്രിട്ടീഷ് നാഷണൽ ലൈബ്രറിയുടെയും പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു

പുരാരേഖകൾ നമുക്ക് പ്രയോജനപ്രദമാകണമെങ്കിൽ ഓരോ സന്ദർഭത്തിലും ആവശ്യമാകുന്ന വിഷയങ്ങളിലെ ഏതൊക്കെ രേഖകൾ നമ്മുടെ ശേഖരത്തിലുണ്ടെന്നു അറിയാനുള്ള സംവിധാനമുണ്ടായിരിക്കണം. ആവശ്യമായ രേഖയെ അന്വേഷകന് തന്റെ സമയം നഷ്ടമാവാതെ സമീപിക്കാനാവണം. ഇതിലേക്കാവശ്യമായ വിധത്തിൽ നമ്മുടെ ശേഖരങ്ങളിലെ കോടിക്കണക്കിന് പുരാരേഖകളെ ക്രമീകരിക്കുക ഏററവും പ്രധാനമാണ്. അതിലേക്ക് നമ്മുടെ പുരാരേഖകളുടെ ശേഖരത്തെ പൂർണ്ണമായും പരിശോധിക്കുകയും വർഗ്ഗീകരിക്കുകയും ക്രമീകരിക്കുകയും സൂചികകൾ തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. പുരാരേഖ ശേഖരങ്ങളിലെ രേഖകളുടെ പൂർണ്ണമായ വിവരങ്ങൾ നൽകുന്ന ഇത്തരം സൂചികകളുടെ പകർപ്പുകൾ നമ്മുടെ പൊതു ഗ്രന്ഥാലയങ്ങളിലും മററ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഭ്യമായിരുന്നാൽ മാത്രമെ ഈ രേഖകൾ സമൂഹത്തിന് പ്രയോജനപ്രദമാവൂ.

പുരാരേഖാ വകുപ്പ് അതിന് അത്യാവശ്യമായിരുന്ന, രേഖകളുടെ സംരക്ഷണത്തിനാവശ്യമായ സൗകര്യങ്ങളുള്ള പുതിയ മന്ദിരത്തിലേക്ക് മാറുന്ന ഈ അവസരം, ഇനിയങ്ങോട്ടുള്ള അതിന്റെ പ്രവർത്തനത്തിന്റെ കാര്യത്തിലും, നമ്മുടെ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് അഭിമാനം കൊള്ളുന്നവരിൽ പ്രത്യേകിച്ചും ചരിത്ര വിദ്യാർത്ഥികളിൽ വലിയ പ്രതീക്ഷകളുണർത്തുന്നു. നമ്മുടെ രേഖപ്പെടുത്തപ്പെട്ട അറിവുകൾ, സമൂഹത്തിന്റെ ഓർമ്മ അടുത്ത തലമുറകൾക്കുവേണ്ടി നിലനിൽക്കുമെന്ന് നമുക്ക് ഉറപ്പു വരുത്തുവാനായിരിക്കുന്നു.